(ബി) സംസ്ഥാനത്തിന്റെ റവന്യൂ കമ്മിയും ധനകമ്മിയും തമ്മിലുള്ള ഉയർന്ന അനുപാതം കടമെടുക്കുന്ന ഫണ്ടുകളുടെ ഒരു ഭാഗം നിത്യ ചെലവുകൾ നേരിടുന്നതിന് വിനിയോഗിക്കുന്നു എന്നതിന്റെ സൂചനയായി സി. & എ. ജി. വിലയിരുത്തിയിട്ടുണ്ട്.

2014 മാർച്ച് 31-ന് അവസാനിച്ച സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ ആകെ റവന്യൂ വരുമാനം 49,176.93 കോടി രൂപയും ആകെ റവന്യൂ ചെലവ് 60,485.50 കോടി രൂപയും ആയിരുന്നു. മുൻ വർഷത്തേക്കാൾ റവന്യൂ വരവിൽ 11 ശതമാനവും റവന്യൂ ചെലവിൽ 13 ശതമാനവും വളർച്ച രേഖപ്പെടുത്തുകയുണ്ടായി. റവന്യൂ ചെലവ് ബഡ്ജറ്റിൽ പ്രതീക്ഷിച്ചിരുന്ന തലത്തിൽ ആയിരുന്നുവെങ്കിലും റവന്യൂ വരവിൽ പ്രതീക്ഷിച്ച വളർച്ച കൈവരിക്കാൻ സാധിച്ചില്ല. സംസ്ഥാനത്തിന്റെ കടമിതര വരുമാനം അപര്യാപ്തമായതിനാൽ റവന്യൂ കമ്മി നികത്തുന്നതിന് കടമെടുപ്പിന്റെ കുറച്ചു ഭാഗം വിനിയോഗിക്കേണ്ടിവന്നു. ഇതിനെത്തുടർന്ന് ആകെ കടമെടുത്തതിൽ നിന്നും 7350 കോടി രൂപ മാത്രമാണ് വികസന പ്രവർത്തനങ്ങൾക്ക് മിച്ചമുണ്ടായിരുന്നത് എന്ന് സി.&എ.ജി. ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

(സി) ധനമാനേജ്മെന്റിനെ സംബന്ധിച്ചിടത്തോളം സി.&എ.ജി.-യുടെ മുൻ നിർദ്ദേശങ്ങൾ നടപ്പിലായിട്ടില്ലെന്ന തരത്തിലുള്ള വീഴ്ചകൾ ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയിട്ടില്ല.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പുതുതായി നൽകിയ ഗാർഹിക-കാർഷിക കണക്ഷനുകൾ

**1 (1989)** ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി നൽകിയ ഗാർഹിക കാർഷിക കണക്ഷനുകൾ എത്രയെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതുമൂലം വൈദ്യുതി ഉപഭോഗത്തിൽ എത്ര ശതമാനം വർദ്ധനവ് ഉണ്ടായിട്ടുള്ളതായി കണക്കാക്കിയിട്ടുണ്ട് ; വ്യക്തമാക്കാമോ ;

(സി) വിവിധ വിഭാഗം ഉപഭോക്താക്കളിൽനിന്നും ഈടാക്കുന്ന നിരക്കുകൾ വിശദമാക്കാമോ ?

ഉത്തരം

(എ) 30-4-2015-ലെ കണക്കുകൾ പ്രകാരം 9,06,469 ഗാർഹിക കണക്ഷനുകളും 47,465 കാർഷിക കണക്ഷനുകളും നൽകിയിട്ടുണ്ട്.

(ബി) 31-3-2011-ൽ അവസാനിക്കുന്ന സാമ്പത്തിക വർഷത്തിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന് കീഴിലുള്ള ഗാർഹിക ഉപഭോക്താക്കളുടെ ആകെ ഉപഭോഗം 6877.83 ദശലക്ഷം

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

യൂണിറ്റും 31-3-2015-ൽ അവസാനിക്കുന്ന സാമ്പത്തിക വർഷത്തിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന് കീഴിലുള്ള ഗാർഹിക ഉപഭോക്താക്കളുടെ ആകെ ഉപഭോഗം 9355.312 ദശലക്ഷം യൂണിറ്റും ആയിരുന്നു. പ്രസ്തുത കാലയളവിൽ കാർഷിക ഉപഭോക്താക്കളുടെ ആകെ ഉപഭോഗം 231.56 ദശലക്ഷം യൂണിറ്റും 31-3-2015-ൽ അവസാനിക്കുന്ന സാമ്പത്തിക വർഷത്തിൽ ആകെ ഉപഭോഗം 291.70 ദശലക്ഷം യൂണിറ്റും ആയിരുന്നു. അതായത് 2011-12 മുതൽ 2014-15 വരെയുള്ള നാലുവർഷ കാലയളവിൽ ഗാർഹിക ഉപഭോക്താക്കളുടെ വൈദ്യുതി ഉപഭോഗത്തിൽ 36 ശതമാനം വർദ്ധനവും കാർഷിക ഉപഭോക്താക്കളുടെ വൈദ്യുതി ഉപഭോഗത്തിൽ 26 ശതമാനം വർദ്ധനവും ഉണ്ടായിട്ടുണ്ട്.

(സി) കേരള സംസ്ഥാനത്തിൽ വിവിധ വിഭാഗം ഉപഭോക്താക്കളുടെ വൈദ്യുതി ചാർജ്ജ് നിരക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

## വൈദ്യുതി ചാർജ്ജ് കുടിശ്ശിക

**2(1990)** ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ചാർജ്ജ് ഇനത്തിൽ കുടിശ്ശികയായി പിരിഞ്ഞുകിട്ടാനുള്ള തുക പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(ബി) ഈ ഇനത്തിൽ കുടിശ്ശിക നൽകാനുള്ള സ്ഥാപനങ്ങളുടെയും വകുപ്പുകളുടെയും പേരുവിവരങ്ങൾ ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(സി) എറണാകുളം ജില്ലയിൽ കുടിശ്ശിക ഇനത്തിൽ എത്ര തുക ലഭിക്കുവാനുണ്ടെന്ന് സെക്ഷൻ തിരിച്ച് വ്യക്തമാക്കാമോ ?

### ഉത്തരം

(എ) കുടിശ്ശിക പിരിച്ചെടുക്കുന്നതിന് വൈദ്യുതിബന്ധം വിച്ഛേദിക്കൽ, ഒറ്റത്തവണ തീർപ്പാക്കൽ, തവണ വ്യവസ്ഥകൾ അനുവദിക്കൽ, റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) എൽ.റ്റി. വിഭാഗത്തിലെ കൂടുതൽ കുടിശ്ശിക തുക നൽകാനുള്ള സ്ഥാപനങ്ങളുടെയും വകുപ്പുകളുടെയും വിവരങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു.*

എച്ച്.റ്റി. വിഭാഗത്തിലെ കൂടുതൽ തുക നൽകാനുള്ള സ്ഥാപനങ്ങളുടെയും വകുപ്പുകളുടെയും വിവരങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു.*

(സി) എറണാകുളം ജില്ലയിലെ എൽ.റ്റി. വിഭാഗത്തിലെ കുടിശ്ശിക വിവരങ്ങൾ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.